പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 381

03/02/2014-ൽ
മറുപടിയ്ക്കു്

## ദേവസ്വം ബോർഡ് വക ഭൂമിയുടെ കൈമാറ്റം

ചോദ്യം

ശ്രീ. ജി. സുധാകരൻ
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ.കെ. നാരായണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി സർക്കാർ ദേവസ്വം ബോർഡിന് നൽകിയ പതിമൂന്നേക്കർ സ്ഥലം അന്യ സംസ്ഥാനങ്ങൾക്ക് ഹോട്ടലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാനായി വിട്ടുകൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; എങ്കിൽ അതിൻെറ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ;

എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നിലയ്ക്കലിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ നിന്നും വനം വകുപ്പ് ദേവസ്വം ബോർഡിന് നൽകിയ 110 ഹെക്ടർ ഭൂമിയിൽ കർണ്ണാടക ഗവൺമെൻറിന്, ആ സംസ്ഥാനത്തു നിന്നും വരുന്ന ഭക്തജനങ്ങൾക്കും മറ്റുള്ളവർക്കും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി 4.5 ഏക്കർ സ്ഥലം അനുവദിക്കുന്നതിന് (പെർമിസീവ് യൂസ്) തീരുമാനമെടുത്ത് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവർക്കാണ് സ്ഥലം അനുവദിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ അവരിൽ കർണ്ണാടക ഗവൺമെൻറുമായി മാത്രമേ ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുള്ളൂ. പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.

ബി) ഇതിന് ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

ബി) ഉണ്ട്. 17/02/2012 -ൽ കൂടിയ ഉന്നതാധികാര സമിതി യോഗത്തിൽ ആന്ധ്രാ, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾക്ക് സ്ഥലത്തിൻെറ ഓണർഷിപ്പ് നൽകാതെ തന്നെ സ്ഥലം നൽകാൻ തീരുമാനിച്ചിരുന്നു.

സി) ശബരിമല വികസനത്തിനും തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; അന്യ സംസ്ഥാനങ്ങൾക്ക് ആ ചുമതല വിട്ടുകൊടുക്കാൻ തീരുമാനിച്ചത് എന്തു കാരണത്താലാണ്;

സി) ഇല്ല. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന തീർത്ഥാടകർക്ക് ആ സംസ്ഥാന സർക്കാരിൻെറ സേവനം കൂടി ലഭ്യമാക്കുന്നതിനും ഭാഷാപരമായ ആശയവിനിമയ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ടിയാണ് അവരുടെ ആവശ്യപ്രകാരം ഈ തീരുമാനമെടുത്തിട്ടുള്ളത്.

| | |
|---|---|
| ഡി) അന്യസംസ്ഥാനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സ്ഥല സൗകര്യങ്ങൾ വിട്ടുനൽകുന്നത് വഴി ഭാവിയിൽ വികസന–പുനരുദ്ധാരണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കുമെന്നും അവകാശത്തർക്കങ്ങൾക്ക് വഴിവെക്കുമെന്നുള്ള വസ്തുത ഗൗരവമായി പരിഗണിക്കുമോ? | ഡി) ശബരിമല മാസ്റ്റർ പ്ലാനിൽ ഇതിനായി വിഭാവനം ചെയ്ത സ്ഥലം മാത്രമേ വിട്ടുനൽകുന്നുള്ളൂ എന്നതിനാൽ ഭാവിയിലെ വികസന പുനരുദ്ധാരണ പ്രവർത്തനങ്ങളെ ബാധിക്കുകയില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തന്നെ നിക്ഷിപ്തമായിരിക്കുമെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അവകാശതർക്കങ്ങൾക്ക് സാദ്ധ്യതയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്